1	2
3. മമ്പറം കണ്ണിരിട്ടി-കുട്ടിമാവ് റോഡ് (ഇരിട്ടി ബ്ലോക്ക്)	42.50
4. ഇരിവേരി-പാണെരിച്ചാൽ റോഡ് (ഇടയ്ക്കാട് ബ്ലോക്ക്)	52.00
5. മുരിങ്ങേരി പോസ്റ്റാഫീസ്-പാണയത്തു പറമ്പ് റോഡ് (ഇടയ്ക്കാട് ബ്ലോക്ക്)	50.50

ഗ്രാമീണ സഡക് യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയ സംസ്ഥാനത്തെ റോഡുനിർമ്മാണപ്രവൃത്തികൾ

154 [1987] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ സഡക് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടന്നുവരുന്ന റോഡുനിർമ്മാണപ്രവൃത്തികളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ;

(ബി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം റോഡുകളാണ് പ്രസ്തുത പദ്ധതിയിൽ ഏറ്റെടുത്തത് എന്ന് വെളിപ്പെടുത്താമോ;

(സി) ഏറ്റെടുത്ത റോഡുകളിൽ എത്ര റോഡുകളുടെ നിർമ്മാണപ്രവൃത്തി പൂർത്തീകരിച്ചെന്നും, എത്ര റോഡുകൾ ഇനി പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) കണ്ണൂർ ജില്ലയിൽ കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിൽ പ്രസ്തുത പദ്ധതിയിൽ കല്ലുവളപ്പ് പാത്തിക്കൽ-കണ്ടിവാതുക്കൽ റോഡിന്റെയും, തവശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽപ്പെടുത്തിയ കരിയാട്-കിടഞ്ഞി റോഡിന്റെയും പ്രവൃത്തി എന്ന് തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രധാനമന്ത്രിയുടെ ഗ്രാമ സഡക് യോജനയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഇതേവരെ 143.30 കോടി രൂപയുടെ 366 റോഡുകൾ അനുവദിച്ചു. അവയിൽ 169 റോഡുകൾ പൂർത്തിയായി. 90 റോഡുകളുടെ പണി പുരോഗമിച്ചു വരുന്നു. 7 എണ്ണം വീതി കിട്ടാത്തതിനാൽ ഉപേക്ഷിച്ചു. 100 റോഡുകളുടെ പണി സംബന്ധിച്ച പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കണ്ണൂർ ജില്ലയിൽ പി.എം.ജി.എസ്.വൈ. പ്രകാരം ഏറ്റെടുത്ത റോഡുകളുടെ വിവരം ചുവടെ ചേർക്കുന്നു:

1. എടക്കാട് ബ്ലോക്ക്

1. കാടാച്ചിറ പി.എച്ച്.സി. പള്ളിമുക്ക് റോഡ്
2. തന്നട വണ്ണാൻചാൽ റോഡ്

LIBRARY ARCHIVES Kerala Legislative Assembly

3. മാന്വ മോസ്ക് പുതുക്കുടിച്ചാൽ റോഡ്
4. പെരിങ്ങളായി പുളിയാഞ്ചേൽ റോഡ്

2. *പേരാവൂർ ബ്ലോക്ക്*

1. തുണ്ടിയിൽ കല്ലടി അട്ടാഞ്ചേരി റോഡ്
2. മുഴക്കുന്ന് മുടക്കോഴി റോഡ്
3. പൂവത്തുംചോല വെള്ളുന്നി റോഡ്
4. മാലൂർ ഹൈസ്കൂൾ പനംപട്ട കുഴക്കര റോഡ്

3. *തളിപ്പറമ്പ് ബ്ലോക്ക്*

1. കനകക്കുന്ന് പാത്താംപാറ റോഡ്
2. കുറ്റിയേരി കടവ് മാവിച്ചേരി ചെനയന്നൂർ റോഡ്

4. *ഇരിട്ടി ബ്ലോക്ക്*

1. ആനപ്പന്തി-നട്ടേൽ റോഡ്
2. വിളമന-നെല്ലാക്കാംപൊയിൽ റോഡ്
3. പനക്കാട്ട് ടെമ്പിൾ-ഉരുപ്പുംകാട് റോഡ്

5. *ഇരിക്കൂർ ബ്ലോക്ക്*

1. മലപ്പട്ടം-ട്രാൻസ്ഫോർമർ റോഡ്
2. ഉളിക്കൽ വയത്തൂർ റോഡ്
3. കാട്ടിലെ പീടിക-ചിറാട്ട്മൂല റോഡ്
4. പൂവ്വം-കല്യാട് റോഡ്
5. കൂട്ടുമുഖം-ചേപ്പറമ്പ്-കരിമ്പിൽ റോഡ്

6. *പയ്യന്നൂർ ബ്ലോക്ക്*

1. പെരുവാമ്പ-കുര്യാപ്പള്ളി റോഡ്
2. എടക്കോം-പൊന്നുരുക്കുപാറ റോഡ്
3. കുണിയൻ കിഴക്കേക്കര-പടിഞ്ഞാറേക്കര റോഡ്

(സി) തളിപ്പറമ്പ്, എടക്കാട്, പേരാവൂർ ബ്ലോക്കുകളിലായി 10 റോഡുകൾ പൂർത്തീകരിച്ചു. ഇരിട്ടി ബ്ലോക്കിൽ 3 റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്. ഇരിക്കൂർ, പയ്യന്നൂർ ബ്ലോക്കിലെ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) കൂത്തുപറമ്പിലെ പാത്തിക്കൽ വാഴമല റോഡിന്റെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. തലശ്ശേരി ബ്ലോക്കിലെ കരിയാട് കിടഞ്ഞി റോഡിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഇവയ്ക്ക് കേന്ദ്രാനുമതി ലഭിച്ചശേഷമേ പണികൾ തുടങ്ങാനാവൂ.

LIBRARY ARCHIVES Kerala Legislative Assembly